**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം**

**തൈക്കാട്, തിരുവനന്തപുരം-14.**

ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം : 0471-2323960

വെബ്സൈറ്റ് : www.ims.kerala.gov.in

**No: F5-3668/2024/DIMS** **തീയതി : 04-11-2024**

**സർക്കുലർ**

**വിഷയം :**– ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് – സ്പെഷ്യൽ ഇൻഡന്റ് - മരുന്ന് വാങ്ങുക / ഇൻവോയ്സ് തുക നൽകുക - എന്നിവയുടെ നടപടി ക്രമങ്ങളിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച്.

**സൂചന :-** 1) 01/01/2021- ലെ സർക്കുലർ നം. എഫ് 5-5/2020/ഡി.ഐ.എം.എസ്.

2) 13/7/2021- ലെ സർക്കുലർ നം. എഫ് 6-276960/ 2021/ഡി.ഐ.എം.എസ്.

3) 23/1/2021- ലെ MRC-20485/2020/ഡി.ഐ.എം.എസ് നമ്പർ പ്രകാരമുള്ള സർക്കുലർ.

4) 05/10/2023- ലെ എഫ് 5-2015(1) /2023/ഡി.ഐ.എം.എസ് നമ്പർ പ്രകാരമുള്ള സർക്കുലർ.

.................

സ്പെഷ്യൽ ഇൻഡന്റ് മരുന്നുകൾ വാങ്ങുന്നതിനുള്ള അപേക്ഷ അയക്കുമ്പോഴും, ഇൻവോയ്സ് ഡി.ഐ.എം.എസ്- ലേയ്ക്ക് അയക്കുമ്പോഴും ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം സർക്കുലറുകൾ നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷകൾ അയക്കുന്നതിലും, ഇൻവോയ്സ് സ്റ്റോക്ക് എൻട്രി നടത്തി ഈ ഓഫീസിലേയ്ക്ക് അയക്കുന്നതിലും വളരെയധികം അപാകതകൾ കാണപ്പെടുന്നു. സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പ്രകാരം അപേക്ഷകളും ഇൻവോയ്സുകളും അയക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചന പ്രകാരമുള്ള നിർദ്ദേശങ്ങൾക്കു പുറമെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ശ്രദ്ധിച്ച് വേണം നടപടി സ്വീകരിക്കേണ്ടത്.

1 ) ഹൈ കോസ്റ്റ് മെഡിസിൻ വാങ്ങുന്നതിനുള്ള അപേക്ഷ അയക്കുമ്പോൾ സൂചന (4) പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

2 ) സ്പെഷ്യൽ ഇൻഡന്റ് പ്രൊഫോർമയിലെ എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കേണ്ടതാണ്. പ്രത്യേകിച്ചും - ' Date of first Diagnosis' എന്ന കോളം.

3 ) പർച്ചേസ് ഓർഡറിൽ ആവശ്യപ്പെട്ടിരിക്കുന്ന ഇനം / അളവ് തന്നെയാണോ ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യപ്പെട്ടതിൽ കൂടുതൽ അളവിൽ മരുന്ന് വിതരണം നടത്തിയാൽ ഓർഡറിൽ ആവശ്യപ്പെട്ട അളവ് മാത്രം സ്റ്റോക്കിൽ എടുക്കുകയും, അധികമായി വിതരണം നടത്തിയത് ഇൻവോയ്സിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും, മരുന്ന് വിതരണ കമ്പനിയെ ഉടൻ തന്നെ വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

പർച്ചേസ് ഓർഡറിൽ ആവശ്യപ്പെട്ടതിൽ കുറഞ്ഞ അളവിൽ വിതരണം നടത്തിയാൽ ലഭിച്ച അളവ് സ്റ്റോക്ക് എൻട്രി നടത്തുകയും, **Quantity short supplied** എത്രയാണ് എന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4) സ്റ്റോക്ക് എൻട്രി നടത്തുന്ന ഫാർമസിസ്റ്റിന്റെ പേര് രേഖപ്പെടുത്തി ഒപ്പ് പതിക്കേണ്ടതാണ്. പ്രസ്തുത സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് ഐഎംഒ യുടെ ഒപ്പും ,സീലും വച്ച് **counter sign** ചെയ്യേണ്ടതും , ഓഫീസ് സീൽ പതിപ്പിക്കേണ്ടതുമാണ് .

5) സ്റ്റോക്ക് എൻട്രിയിൽ മരുന്നിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടാകണം. സ്റ്റോക്ക് രജിസ്റ്ററിലും കൃത്യമായി രേഖപ്പെടുത്തണം.

6) മരുന്ന് ലഭിച്ച് 15 ദിവസത്തിനകം ഇൻവോയ്സ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

7 ) ഒരു വിതരണ ഉത്തരവ് പ്രകാരമുള്ള ഇൻവോയ്സുകൾ മാത്രമേ ഒരു കവറിംഗ് ലെറ്റർ വെച്ച് അയക്കാൻ പാടുള്ളൂ. ഇൻവോയ്സ് അയക്കുന്ന ഉപരിപത്രത്തിൽ വിതരണ ഉത്തരവ് നമ്പർ/ തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഒറിജിനൽ ഇൻവോയ്സ് ഉൾപ്പെടെ ഇൻവോയ്സ് 3 കോപ്പി ഉണ്ടായിരിക്കണം.

8 ) കൊറിയർ സർവ്വീസ് വഴി മരുന്ന് കൈപ്പറ്റുമ്പോൾ മരുന്ന് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ/ ഡ്യൂട്ടി മെഡിക്കൽ ഓഫീസർ/ ഫാർമസിസ്റ്റ് എന്നിവർ ആരെങ്കിലും കൈപ്പറ്റേണ്ടതും, മരുന്ന് കൈപ്പറ്റിയ വ്യക്തി പേര് രേഖപ്പെടുത്തി ഒപ്പിട്ട് കൊറിയർ രസീത് നൽകേണ്ടതാണ്.

9 ) ക്വട്ടേഷൻ നോട്ടീസുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഐ ടി ഡിവിഷന് അയച്ചു നൽകേണ്ടതാണ്.

10) ക്വട്ടേഷൻ വിളിച്ച് മരുന്ന് വാങ്ങുമ്പോൾ ക്വട്ടേഷനിൽ മരുന്നിന്റെ വില, ജി.എസ്.ടി റേറ്റ്, പാക്കിങ് സൈസ് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടാകണം.വ്യക്തതയില്ലാത്ത ക്വട്ടേഷനുകൾ അയച്ചു തരരുത്. കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിൽ ലോവസ്റ്റ് റേറ്റ് - ക്വാട്ട് ചെയ്തിരിക്കുന്നതിലും കുറഞ്ഞ നിരക്കിൽ മറ്റു സ്ഥാപനങ്ങളിൽ നിന്നും മരുന്ന് ലഭിക്കില്ല എന്ന ഇൻഷുറൻസ് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം. പ്രസ്തുത സാക്ഷ്യപത്രം ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

11) <u>ക്വട്ടേഷൻ വിളിച്ചു വാങ്ങുന്ന മരുന്നുകളുടെ ഇൻവോയ്സുകൾ പേയ്മെന്റ് നടത്തുന്നതിനായി സ്റ്റോക്ക് എൻട്രി നടത്തി ഡയറക്ടറേറ്റിലേയ്ക്ക് അയച്ചു തരേണ്ടതാണ്.</u>

ഡിസ്പെൻസറികളിൽ പേയ്മെന്റ് നടത്തേണ്ടതില്ല.

12) ഇ.എസ്.ഐ ആശുപത്രികൾ മുഖേന സ്പെഷ്യൽ ഇൻഡന്റ് മെഡിസിൻ വാങ്ങേണ്ടതില്ല. മരുന്ന് വാങ്ങുന്നതിന് ഐ.പി രജിസ്റ്റർ ചെയ്തിരിക്കുന്ന ഡിസ്പെൻസറി മുഖേന നടപടി സ്വീകരിക്കേണ്ടതാണ്.

13) **CPAP / BIPAP / Oxygen Concentrator** വാങ്ങുന്നതിനുള്ള അപേക്ഷയോടൊപ്പം, 5 വർഷത്തിനകം പ്രസ്തുത ഉപകരണങ്ങൾ ഇ.എസ്.ഐ മുഖേന ലഭിച്ചിട്ടില്ല എന്ന് ഐ.പി -യുടെ സത്യവാങ്മൂലം , **Sleep study / ABL** റിപ്പോർട്ട് എന്നിവ കൂടി ഉണ്ടായിരിക്കണം.

14) സ്പെഷ്യൽ ഇൻഡന്റ് മരുന്ന് സ്ലോ മൂവിംഗ് ആയാൽ ഉടൻ തന്നെ ഡയറക്ടറേറ്റിലേയ്ക്ക് അറിയിക്കേണ്ടതാണ്. ഡി.ഐ.എം.എസ്- ന്റെ ഉത്തരവ് പ്രകാരമെ മറ്റൊരു ഐ.പിക്ക് പ്രസ്തുത മരുന്ന് നൽകാവൂ.

Signed by
Joan Karen Meyn
Date: 04-11-2024 11:55:07

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

പകർപ്പ്

1. എല്ലാ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും
2. എല്ലാ ഹോസ്പിറ്റൽ സൂപ്രണ്ടുമാർക്കും
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,ദക്ഷിണ മേഖല/ മദ്ധ്യ മേഖല / ഉത്തര മേഖല

ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
തൈക്കാട്, തിരുവനന്തപുരം-14.

5
1/01/20

വെബ്സൈറ്റ് : www.ims.kerala.gov.in
ഇ-മെയിൽ : dimskerala@gmail.com
ഫോൺ നം - 0471-2323960

നം.എഫ്5- 5 /2020/ഡി.ഐ.എം.എസ്

തീയതി-

## സർക്കുലർ

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - സ്പെഷ്യൽ ഇൻഡന്റിൽ വരുത്തേണ്ട മാറ്റങ്ങൾ - സംബന്ധിച്ച്.

സൂചന-

---

സ്പെഷ്യൽ ഇൻഡന്റ് അപേക്ഷ നല്കുന്നതിൽ വളരെയധികം പാകപ്പിഴകൾ വരുത്തുന്നുണ്ട്. പൂർണ്ണമായും വിവരങ്ങൾ രേഖപ്പെടുത്താതെയാണ് പ്രൊഫോർമ അയക്കുന്നത്. എല്ലാ കോളങ്ങളും പൂരിപ്പിച്ചതിന് ശേഷം മാത്രം പ്രൊഫോർമ അയക്കേണ്ടതാണ്. സ്പെഷ്യൽ ഇൻഡന്റ് വഴി മരുന്നിന് അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം ഇൻഷുറൻസ് മെഡിക്കൽ ഓഫീസറുടെ കവറിംഗ് ലെറ്റർ ഐ.എം.ഒ/സുപ്രണ്ട് ന്റെ പ്രസ്ക്രിപ്ഷൻ, ആശുപത്രിയിൽ നിന്നുള്ള ഒ.പി നമ്പറും തീയതിയും രേഖപ്പെടുത്തിയ റീസന്റ് പ്രിസ്ക്രിപ്ഷൻ, പ്രസ്ക്രിപ്ഷൻ നൽകുന്ന ഡോക്ടറുടെ പേര്, മരുന്നിന്റെ അളവ്, ഡോസേജ്, ഡ്യൂറേഷൻ, ക്വോണ്ടിറ്റി പ്രിസ്ക്രൈബ്ഡ്, എൻറൈറ്റിൽമെന്റ് സർട്ടിഫിക്കറ്റ് (Dependancy Certificate in case of father/mother) ഐ.പി ഒപ്പിട്ട ഇ.എസ്.ഐ. കാർഡിന്റെ പകർപ്പ്, സ്പെഷ്യൽ ഇൻഡന്റ് പ്രൊഫോർമ, ക്വട്ടേഷൻ നോട്ടീസ് ഉൾപ്പെടുത്തിയ ക്വട്ടേഷൻ, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, ലോവസ്റ്റ് ക്വോട്ടഡ് റേറ്റ്, എന്നിവ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുക. കൂടാതെ സ്പെഷ്യൽ ഇൻഡന്റ് പ്രൊഫോർമയിൽ ആർ.സി നമ്പർ, ഐറ്റം നമ്പർ, പാക്കിംഗ്, റേറ്റ് മറ്റു വിവരങ്ങൾ വ്യക്തതയോടെ രേഖപ്പെടുത്തണം. ആർ.സിയിൽ ലഭ്യമല്ലാത്ത മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ അന്വേഷിച്ച് ലഭ്യമാണെങ്കിൽ മരുന്നിന്റെ വിലയിൽ പാക്കിംഗ് റേറ്റും പാക്കിങ്ങ് അനുസരിച്ച് മരുന്നിന്റെ എണ്ണവും ഉൾപ്പെടുത്തി അയക്കേണ്ടതാണ്. ആർ.സി യിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിലും ലഭ്യമല്ലാത്ത മരുന്നാണെങ്കിൽ മുൻകാലങ്ങളിൽ ചെയ്യുന്ന പോലെ ക്വട്ടേഷൻ വിളിച്ച് ക്വട്ടേഷൻ

നോട്ടീസ്, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് , ലോവസ്റ്റ് കോട്ടഡ് റേറ്റ്, സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും ഉൾപ്പെടുത്തുക. തുടർച്ചയായി ആവശ്യമുള്ള മരുന്നുകൾ ആർ.സിയിൽ ഉണ്ടെങ്കിൽ ആന്വൽ ഇൻഡന്റ് വഴി മരുന്നുകൾ ശേഖരിച്ച് വിതരണം ചെയ്യേണ്ടതാണ്. ആർ.സിയിൽ ഉള്ള മരുന്നുകൾക്ക് സ്പെഷ്യൽ ഇൻഡന്റ് നൽകുമ്പോൾ തൃപ്തികരമായ കാരണം രേഖപ്പെടുത്തേണ്ടതാണ്. സ്പെഷ്യൽ ഇൻഡന്റ് വഴി ലഭിക്കുന്ന മരുന്നുകൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനോടൊപ്പം ഡിസ്പെൻസറിയിൽ സൂക്ഷിക്കുന്ന രോഗിയുടെ മരുന്ന് വിവരങ്ങൾ രേഖപ്പെടുത്തുന്ന ബുക്കിൽ സൂക്ഷിക്കേണ്ടതും കീമോതെറാപ്പി തുടങ്ങിയ ചികിത്സയ്ക്ക് റഫറൻസ് നൽകുമ്പോൾ അതിനുള്ള മരുന്നുകൾ ഡിസ്പെൻസറിയിൽ നിന്നും നൽകിയിട്ടുണ്ടെങ്കിൽ അത് റഫറൻസ് ലെറ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്. പൂർണ്ണമായും വിവരങ്ങൾ രേഖപ്പെടുത്താതെ അയക്കുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതും അപേക്ഷയിന്മേൽ കാലതാമസം ഉണ്ടായാൽ അതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർക്കോ സൂപ്രണ്ടിനോ ആയിരിക്കും. വിവരങ്ങൾ ശ്രദ്ധയോടെ രേഖപ്പെടുത്തി അയക്കുവാൻ ശ്രദ്ധിക്കുക.

01/01/2021

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

1/1/2021

എ.എസ്

01/01/2021

ഇൻഷുറൻസ് മെഡിക്കൽ സർവീസസ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം -14

F6-276960/2021/DIMS

തീയതി:13/07/2021

## സർക്കുലർ

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് - അക്കൗണ്ട്സ് - 2021 -22 വർഷത്തെ Special Intend Medicines വാങ്ങൽ - സംബന്ധിച്ചു-

പർച്ചേസ് ഓർഡറുകൾ പ്രകാരം ആശുപത്രികളിലും ഡിസ്പെൻസറികളിലും Special Intend Medicines വിതരണം ചെയ്ത് ലഭിക്കുമ്പോൾ അവ സ്വീകരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- ഡയറക്ടർ ഒപ്പിട്ട പർച്ചേസ് ഓർഡർ ഡിസ്പെൻസറിയിൽ കിട്ടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തണം. മരുന്ന് ലഭ്യമാകുന്നതു വരെ പർച്ചേസ് ഓർഡർ ലഭിച്ചില്ല എങ്കിൽ ഉടൻ തന്നെ ഡയറക്ടറേറ്റിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- POയിൽ പറഞ്ഞിട്ടുള്ള കമ്പനി അല്ല മരുന്ന് സപ്ലൈ ചെയ്യുന്നതെങ്കിൽ, കമ്പനിയുടെ authorization ലെറ്റർ ലഭ്യമാക്കണം. ഒരു കോപ്പി ഇൻവോയ്സിനൊപ്പം ഡയറക്ടറേറ്റിൽ അയയ്ക്കുകയും വേണം.
- പർച്ചേസ് ഉത്തരവുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന ഇനവും അളവും തന്നെയാണ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ഇൻവോയ്സ് ലഭിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി എടുക്കേണ്ടതാണ്.
- ഐറ്റംസ് സപ്ലൈ ചെയ്ത് ലഭിക്കുമ്പോൾ ശ്രദ്ധാപൂർവം പരിശോധിച്ചു എണ്ണവും ഇനവും ഉറപ്പ് വരുത്തേണ്ടതും അത് പ്രകാരമുള്ള ഒറിജിനൽ ഇൻവോയ്സ് ഉൾപെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചു ഉറപ്പ് വരുത്തേണ്ടതുമാണ്. ഇൻവോയ്സ് ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പർച്ചേസ് ഓർഡർ പ്രകാരമുള്ളതാണെങ്കിൽ സ്വീകരിക്കേണ്ടതും ഇൻവോയ്സ് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി നടത്തേണ്ടതുമാണ്. സാധനങ്ങൾ ലഭിച്ച തീയതി, ഇൻവോയ്സ് ലഭിച്ച തീയതി ഇവ വ്യക്തമായി ഇൻവോയ്സിൽ രേഖപ്പെടുത്തേണ്ടതാണ്.

ലഭിച്ചിരിക്കുന്ന ഐറ്റങ്ങളുടെ ശരിയായ ഇനം, എണ്ണം, വില എന്നിവ ഇൻവോയ്സിലെ വിവരങ്ങളുമായി ഒത്തു നോക്കി വ്യക്തത വരുത്തേണ്ടതാണ്.

- ഓരോ ഐറ്റംസ് ലഭിക്കുമ്പോൾ ആ ദിവസം തന്നെ വ്യക്തമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണം. കൂടാതെ, ഇൻവോയ്സിൻറെ മറുപുറത്ത് വ്യക്തമായി ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും വേണം. ഇൻവോയ്സിൽ രേഖപ്പെടുത്തുന്നതിന് സഹായകമായ ടെംപ്ലേറ്റ് താഴെപറയുന്നു.

Received........................ Nos. Of.......................................................( Name of item) checked and found correct, received in good condition and brought into stock register
Page No.............................. of volume.....................and confirmed to specification.
Date of receipt medicine/item.......................
(Late Supply penalty ......................%)

- 'ESI Supply- Not for sales' എന്ന stamping ഉള്ളവ മാത്രമേ സ്റ്റോക്കിൽ എടുക്കാവൂ. ( RC യിൽ ഉൾപ്പെട്ട മരുന്നുകൾ )
- പർച്ചേസ് ഓർഡർ പ്രകാരമുള്ള അളവിൽ കൂടുതൽ ലഭിച്ചാൽ, ഓർഡറിൽ ഉള്ളത് മാത്രം സ്റ്റോക്കിൽ എടുക്കുകയും, ' Excess Quantity Supplied' എന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തുകയും ഉടൻ തന്നെ കമ്പനിയെ രേഖാമൂലം അറിയിക്കുകയും ചെയ്യേണ്ടതാണ്. പർച്ചേസ് ഓർഡർ പ്രകാരമുള്ളതിലും കുറഞ്ഞ അളവിൽ ലഭിച്ചാൽ അത് സ്വീകരിക്കേണ്ടതും, ലഭിച്ചിരിക്കുന്ന അളവ് മാത്രം സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതും, Quantity short supplied എന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്. Supply ചെയ്തിരിക്കുന്ന quantity യുടെ തുകയാണ് bill ചെയ്തിട്ടുള്ളത് എന്ന് രേഖപ്പെടുത്തേണ്ടതുമാണ്.
- Date of receipt of invoice, Date of receipt of item ഇവയിൽ ഏതാണോ അവസാനം ലഭിച്ചത്, ആ ദിവസം കണക്കാക്കിയാണ് Late Supply Penalty നിശ്ചയിക്കേണ്ടത്.
- Payment നടപടികൾ RC വ്യവസ്ഥ പ്രകാരം കാലതാമസം കൂടാതെ നടത്തുന്നതിനായി, ലഭിച്ചിരിക്കുന്ന അസ്സൽ ഇൻവോയ്സിലും രണ്ടു കോപ്പികളിലും സ്റ്റോക്ക് എൻട്രി നടത്തി, പർച്ചേസ്ഓർഡറിന്റെ നമ്പർ, തീയതി, ഇൻവോയ്സ് നമ്പർ എന്നിവ സൂചനയായി ഉൾപ്പെടുത്തുകയും ചെയ്ത് ഡയറക്ടർ ഒപ്പിട്ട പർച്ചേസ് ഓർഡർ കൂടി അറ്റാച്ച് ചെയ്ത് ഡയറക്ടറേറ്റിലേക്ക് ഉടൻ തന്നെ അയച്ചുതരേണ്ടതാണ്.എങ്കിൽ മാത്രമേ ബില്ല് പാസ്സാക്കുകയുള്ളൂ.
- Stock entry നടത്തുന്ന pharmacist പേര് രേഖപ്പെടുത്തി signature പതിക്കേണ്ടതാണ്.
- ഒന്നിൽക്കൂടുതൽ പേജുകളുള്ള ഇൻവോയ്സിൻറെ എല്ലാ പേജുകളും ഉൾപ്പെടുത്തി അയക്കേണ്ടതാണ്. മരുന്നിൻറെ പേരും തുകയും വരുന്ന പേജിൻറെ പുറകിൽ പ്രിന്റഡ് ഡീറ്റൈൽസിനു പുറത്താകാത്ത രീതിയിൽ കഴിവതും stock entry നടത്തണം.

- മരുന്ന് ലഭിച്ചു 15 ദിവസങ്ങൾക്കുള്ളിൽ പേയ്മെന്റിനായി ഇൻവോയ്സ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.
- കൊട്ടേഷൻ വഴി വാങ്ങുന്ന മരുന്നുകളുടെ പേയ്മെന്റ് PO യിൽ പറയുന്ന പ്രകാരം ഡിസ്പെൻസറിയിൽത്തന്നെ നടത്തേണ്ടതാണ്.ഇവിടേയ്ക്ക് അയയ്ക്കുന്ന അത്തരത്തിലുള്ള ഇൻവോയ്സുകളുടെ പേയ്മെൻറ് ഡയറക്ടറേറ്റിൽ നിന്നും നടത്തുന്നതല്ല.

- Special Intend പർച്ചേസ് ഓർഡർ കോപ്പികൾ തപാലിൽ ലഭിച്ച ദിവസം മുതൽ 14 ദിവസത്തിനുള്ളിൽ കമ്പനികൾ വിതരണം പൂർത്തിയാക്കേണ്ടത്. അതിനു ശേഷം supply ചെയ്യുന്ന മരുന്നുകൾ ആവശ്യമില്ലെങ്കിൽ സ്വീകരിക്കാതിരിക്കാനും വേണമെങ്കിൽ സ്വീകരിക്കാനുമുള്ള അധികാരം IMO യ്ക്ക് ഉണ്ടായിരിക്കും.

- RC പ്രകാരം 42 ദിവസത്തിന് ശേഷം ലഭിക്കുന്നവക്ക് payment നടത്തുമ്പോൾ ഒരാഴ്ചയ്ക്ക് 2% നിരക്കിൽ പരമാവധി 10% ഈടാക്കുന്നതാണ്.

മേൽ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ഇൻഷുറൻസ് മെഡിക്കൽ സർവീസ് ഡയറക്ടർക്കുവേണ്ടി

14/07/21

സൂപ്രണ്ട്

സ്വീകർത്താവ്

സ്റ്റോർ സൂപ്രണ്ട്, സെൻട്രൽ മെഡിക്കൽ സ്റ്റോർ
റീജിയണൽ ഡയറക്ടർ
(ഉത്തരമേഖല / ദക്ഷിണമേഖല
മധ്യമേഖല)
ഐ ടി ~~സെക്ഷൻ~~ ഡിവിഷൻ (വെബ്സൈറ്റിൽ)
ഫയൽ

ഇ-മെയിൽ: dimskerala@gmail.com വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

**എം.ആർ.സി-1/20485/2020/ഡി.ഐ.എം.എസ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14,

**തീയതി, 23.01.2021**

## സർക്കുലർ

വിഷയം :- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - CGHS മാനദണ്ഡപ്രകാരം CPAP, BIPAP, ഓക്സിജൻ കോൺസെൻട്രേറ്റർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്.

.................

സർക്കാർ ഉത്തരവ് നം.52/2019 തൊഴിൽ തീയതി 28/10/2019 പ്രകാരം മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ CGHS നിരക്കിൽ പാസാക്കുവാൻ ഗവൺമെന്റ് ഡയറക്ടർക്ക് അനുമതി നൽകിയിരിക്കുന്ന സാഹചര്യത്തിൽ CPAP, BIPAP, ഓക്സിജൻ കോൺസെൻട്രേറ്റർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുമ്പോൾ CGHS മാനദണ്ഡങ്ങൾ പാലിച്ച് നടപടിക്രമം പാലിക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു. CGHS മാനദണ്ഡ പ്രകാരം മുകളിൽ പറഞ്ഞ ഉപകരണങ്ങൾ വാങ്ങുവാനുള്ള തീരുമാനം എടുക്കുന്നതിന് താഴെപരാമർശിച്ചിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും സൂപ്രണ്ടുമാർ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

RDD/സൂപ്രണ്ട് - ചെയർമാൻ
രണ്ട് സ്പെഷ്യാലിറ്റിസ്റ്റുകൾ - 1) ഫിസിഷ്യൻ
2) പൾമനോളജിസ്റ്റ്

ഫിസിഷ്യൻ/ പൾമനോളജിസ്റ്റ് ഇല്ലാത്ത സാഹചര്യത്തിൽ തൽസ്ഥാനത്തേയ്ക്ക് ഇ.എൻ.റ്റി സർജനെയോ അനസ്തെറ്റിസ്റ്റിനേയൊ, പീഡിയാട്രീഷ്യനെയോ പരിഗണിക്കേണ്ടതാണ്. കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകിയശേഷം വേണം ( കമ്മറ്റി അംഗങ്ങളുടെ ഒപ്പും സീലും പ്രസ്തുത അപേക്ഷയിൽ ഉണ്ടായിരിക്കണം) തുടർനടപടികൾക്കായി ഡയറക്ടറേറ്റിലേയ്ക്ക് ഫയൽ അയക്കേണ്ടത്.

23/1/21

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ജോയിന്റ് ഡയറക്ടർ**

ജെ.എസ്.റ്റി-21.01.2021

I/506737/2023

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം

തൈക്കാട്, തിരുവനന്തപുരം-14.

ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം : 0471-2323960

വെബ്സൈറ്റ് : www.ims.kerala.gov.in

No: F5-2015(1)/2023/DIMS തീയതി : 05-10-2023

## സർക്കുലർ

വിഷയം :- ഐ എം എസ് വകുപ്പ്- പത്ത് ലക്ഷം പരിധിക്ക് മുകളിൽ നോൺ ആർ സി യിൽ നിന്നും സ്പെഷ്യൽ ഇൻഡന്റ് മുഖേന മരുന്ന് വാങ്ങുന്നത് സംബന്ധിച്ച് :-

സൂചന :- 1) 12/07/2023 ലെ F5-2015/2023 നമ്പർ സർക്കുലർ

2) 19/08/2023 ലെ സ.ഉ.(സാധാ) നം.1022/2023/LBR നമ്പർ ഉത്തരവ്

3) 01/01/2021 ലെ എഫ് 5-5/2021/ഡി.ഐ.എം.എസ് നമ്പർ സർക്കുലർ

സ്പെഷ്യൽ ഇൻഡന്റ് മുഖേന ഡി ജി - ഇ എസ് ഐ സി റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ (non RC)പത്ത് ലക്ഷം രൂപ പരിധിക്ക് മുകളിൽ വാങ്ങുന്നതിന് ഡയറക്ടറെ(DIMS )ചുമതലപ്പെടുത്തിക്കൊണ്ട് സൂചന രണ്ട് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് . ഓരോ ഗുണഭോക്താവിനും ഡയറക്ടറുടെ അനുമതി വാങ്ങേണ്ടതാണ്.അതിനാൽ പത്തു ലക്ഷം പരിധി ( non RC മരുന്നുകൾ )കഴിയുന്ന ഗുണഭോക്താക്കൾക്ക് സ്പെഷ്യൽ ഇൻഡന്റ് മരുന്നുകൾക്ക് ഹൈ കോസ്റ്റ് മെഡിസിൻ പ്രൊഫോർമ ഉൾപ്പെടെയുള്ള സ്പെഷ്യൽ ഇൻഡന്റ് അപേക്ഷ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.(ആർ സി സി/ഗവ:മെഡിക്കൽ കോളേജ്/ഗവ:ആശുപത്രി എന്നിവിടങ്ങളിലെ ചികിത്സക്ക് ഹൈകോസ്റ്റ് മെഡിസിൻ പ്രൊഫോർമ ആവശ്യമില്ല)

സ്പെഷ്യൽ ഇൻഡന്റിനുള്ള പുതിയ പ്രൊഫോർമയും , ഹൈ കോസ്റ്റ് മരുന്നിന്റെ പ്രൊഫോർമയും ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

<u>സ്പെഷ്യൽ ഇൻഡന്റ് അപേക്ഷ സമർപ്പിക്കുമ്പോൾ ഉൾപ്പെടുത്തേണ്ട ഡോക്യുമെന്റുകൾ</u>

1.ഇ പെഹ്ചാൻ കാർഡ്(ഒരു സാമ്പത്തിക വർഷത്തിലെ ആദ്യ അപേക്ഷയിൽ മാത്രം)കാർഡിന്റെ പകർപ്പ് ഐഎംഒ സാക്ഷ്യപ്പെടുത്തി ഒപ്പും സീലും,ഓഫീസ് സീലും പതിപ്പിച്ചിരിക്കണം

2.എന്റൈറ്റിൽമെന്റ് സർട്ടിഫിക്കറ്റ്(ഐ പി പോർട്ടലിൽ നിന്നും എടുത്തതാണെങ്കിൽ ഓഫീസ് സീൽ ഉണ്ടായിരിക്കണം)

3.മാതാപിതാക്കൾക്കും 18 വയസ്സിനു മുകളിലുള്ള മക്കൾക്കും ഇ എസ് ഐ സി ബ്രാഞ്ച് ഓഫീസിൽ നിന്നുള്ള എന്റൈറ്റിൽമെന്റ് സർട്ടിഫിക്കറ്റ്(പകർപ്പാണെങ്കിൽ ഐ എം ഒ സാക്ഷ്യപ്പെടുത്തി ഒപ്പ്,സീൽ,ഓഫീസ് സീൽ എന്നിവ വായിക്കേണ്ടതാണ്)

I/506737/2023

4.സ്പെഷ്യൽ ഇൻഡന്റ് പ്രൊഫോർമ(പുതിയ പ്രൊഫോർമ ഇതോടോപ്പോം ഉൾപ്പെടുത്തിയിട്ടുണ്ട്)

5.സൂപ്പർ സ്പെഷ്യൽറ്റി പ്രിസ്ക്രിപ്ഷൻ ഒറിജിനൽ

6.ഇ എസ് ഐ ഹോസ്പിറ്റലിൽ നിന്നുള്ള പ്രിസ്ക്രിപ്ഷൻ(ചികിത്സ പ്രൈവറ്റ് എംപാനൽഡ് ഹോസ്പിറ്റലിൽ നിന്നാണെങ്കിൽ)

7.ഐ എം ഒ യുടെ പ്രസ്ക്രിപ്ഷൻ ഒറിജിനൽ

8.ഇ എസ് ഐ സി - ആർ സി യിൽ ലഭ്യമല്ലാത്ത മരുന്നുകൾ കെ എം എസ് സി എൽ വഴി വാങ്ങുമ്പോൾ കെ എം എസ് സി എൽ റേറ്റ് പ്രൂഫ് ഉൾപ്പെടുത്തണം

9.ഇ എസ് ഐ സി - ആർ സി യിലും കെ എം എസ് സി എൽ ലും ലഭ്യമല്ലാത്ത മരുന്നുകൾ ക്വട്ടേഷൻ മുഖേന വാങ്ങുമ്പോൾ ക്വട്ടേഷന് അനുമതി വാങ്ങിയ ശേഷം മുൻകാലങ്ങളിൽ ചെയ്യുന്ന പോലെ ക്വട്ടേഷൻ ക്ഷണിച്ച് ക്വട്ടേഷൻ വിവരങ്ങൾ ഉൾപ്പെടുത്തണം.(സൂചന 3 ൽ നിർദേശിച്ചിട്ടുള്ള രീതിയിൽ)

10.ഹൈ കോസ്റ്റ് പ്രൊഫോർമ (ഒരു സാമ്പത്തിക വർഷത്തിൽ നോൺ ആർ സി വിഭാഗത്തിൽപെട്ട മരുന്നുകൾ 10 ലക്ഷം രൂപക്ക് മുകളിൽ വാങ്ങുമ്പോൾ)

പ്രൊഫോർമയിലെ എല്ലാ കോളങ്ങളും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ് .

Signed by
Malini S
Date: 05-10-2023 17:34:56

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

പകർപ്പ്

1. എല്ലാ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാർക്കും
2. എല്ലാ ഹോസ്പിറ്റൽ സൂപ്രണ്ടുമാർക്കും
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,ദക്ഷിണ മേഖല/ മധ്യ മേഖല /ഉത്തര മേഖല
4. സ്റ്റോക്ക് ഫയൽ